# സ്നേഹം

കറങ്ങുന്നു ഈ ഉലകം ചലിക്കുന്നു,
സ്നേഹമെന്നൊരച്ചുതണ്ടിൽ;
അരങ്ങുതകർത്താടുന്നിവിടെ ജീവിതം
നിഴൽ കൂത്തു നടത്തുന്നു.

നെഞ്ചിൽ തങ്ങി നിന്നിടും വിഷാദമോ,
പെയ്തൊഴിയാ മേഘമായ്;
ചന്നം, പിന്നം പെയ്തിടുന്നൊരു ചാറ്റലായ്-
പതിക്കുന്നൊരു തുള്ളിയായ്

തീർത്ഥ ജലമായ് പരിണമിക്കുമോ-
വറുതിയതു കൂട്ടുമോ,
മന്വന്തരങ്ങളിലൂടതൊഴുകുമോ-
അൻപിന്നുറവയാമീശ്വരൻ.

മനുജർക്ക് മതിവരാത്തൊരു മധു,
അതാണു നിർമ്മല സ്നേഹം;
അറിവീലതിന്റെ കുളിർമ്മയും, സൗഖ്യവും-
തൂവെണ്മയും, സൗന്ദര്യവും.

വീശുക മന്നിലൊരു കുളിർതെന്നലായ്,
ശീതളമാം ഉന്മേഷമായ്;
അമൃതേകുക നീ ആത്മാവിലാകവേ-
നവ പ്രഭാ സൂര്യോദയം.

പടരുക അഗ്നിയായ് സിരകളിൽ,
ശക്തിയായ് ജ്വലിക്കൂ പ്രാണനിൽ,
നിർഭയമായ് നയിക്കൂ ജീവിതമിഹെ-
വിശ്വാസം നൽകും പ്രഹർഷമേ.



മലരികളാൽ മാറുക നീ സാഗരമായ്
വരണ്ട മാനസങ്ങളിൽ
മരുഭൂമിയിലൊരു വേഴാമ്പലായ്
കാത്തിരിക്കും ഊഷരർക്കായ്.

മേവുക നീയെനിക്കത്താണിയായ്
സ്വാന്തനമാം തഴുകലായ്
ദിനവും, അമൃതേകുന്നൊരു തായയായ്
ഉലകത്തിൽ ഉണ്മയായ്.